"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ശ്രീമതി ഹസീന എൻ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത O.A നമ്പർ 914/2020 മേൽ ബഹു. ട്രിബ്യൂണൽ 03.08.2020-ൽ പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.പി.ബി.) വകുപ്പ്

സ.ഉ.(സാധാ) നം.1720/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/09/2020

---

പരാമർശം:- 1 12.06.2020-ലെ ശ്രീമതി ഹസീന എൻ ന്റെ അപേക്ഷ.

2 14.08.2020-ലെ EPB1/107/2020/LSGD നമ്പർ സർക്കാർ കത്ത്.

3 914/2020 നമ്പർ ഒ.എ യിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 03.08.2020 -ൽ പുറപ്പെടുവിച്ച ഉത്തരവ്.

<u>ഉത്തരവ്</u>

പഞ്ചായത്ത് ഡയറക്ടറുടെ 12.06.2020- ലെ സ്ഥലം മാറ്റ നടപടി ക്രമം അസ്ഥിരപ്പെടുത്തി പുനഃ പരിശോധിച്ച്, കോട്ടയം ജില്ലയിലെ വാഴപ്പള്ളി ഗ്രാമ പഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി ഹസീന എൻ. നെ കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ ഏതെങ്കിലും ഗ്രാമ പഞ്ചായത്തിലേക്ക് നിയമനം നൽകുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം ശ്രീമതി ഹസീന എൻ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നു. ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റം/ നിയമം സംബന്ധിച്ച വിഷയം പഞ്ചായത്ത് ഡയറക്ടറുടെ അധികാര പരിധിയിൽ വരുന്നതിനാൽ, ആവശ്യമായ നടപടികൾക്ക് ശേഷം കൈക്കൊണ്ട നടപടി വിവരം സർക്കാരിൽ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത അപേക്ഷയുടെ പകർപ്പ്, പരാമർശം (2) ലെ സർക്കാർ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഈ വിവരം അപേക്ഷകയെ അറിയിച്ചിട്ടുമുണ്ട്.

2. എന്നാൽ പരാമർശം (1) ലെ അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെട്ട് ശ്രീമതി ഹസീന എൻ ബഹു. ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒ.എ.നമ്പർ 914/2020 ൽ പരാമർശം 3 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ, ഉത്തരവ് ലഭിച്ച് രണ്ട് മാസത്തിനകം annexure A11 (12.06.2020-ലെ അപേക്ഷ) അപേക്ഷയിന്മേൽ നിയമ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

4.ഇക്കാര്യത്തിൽ ശ്രീമതി ഹസീന എൻ സമർപ്പിച്ച അനക്ഷർ A11 അപേക്ഷ പരിശോധിച്ചതിൽ ടിയാളുടെ സീനിയോരിറ്റി തെറ്റായി രേഖപ്പെടുത്തിയത് വഴി ടിയാൾക്ക് ന്യായമായി ലഭിക്കേണ്ടിയിരുന്ന ഓപ്ഷൻ അനുസരിച്ചുള്ള സ്ഥലംമാറ്റം നഷ്ടമായി എന്നും അതിനാൽ ടിയാളെ അന്യായമായി സ്ഥലംമാറ്റിയ നടപടി അസ്ഥിരപ്പെടുത്തി ടിയാൾക്ക് കിട്ടേണ്ടിയിരുന്ന അർഹമായ

സ്ഥലംമാറ്റം ലഭ്യമാക്കണം എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ സാഹചര്യത്തിൽ നിയമനാധികാരിയായ പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ വേണ്ട പരിശോധന നടത്തുന്നതിനും ടിയാളുടെ ന്യായമായ അവകാശം ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതിനും ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടികളുടെ വിശദാംശങ്ങൾ ബഹു. ട്രിബ്യൂണലിനേയും സർക്കാരിലും റിപ്പോർട്ട് ചെയ്യുന്നതിനും ഉത്തരവാകുന്നു.

5. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം(3)-ലെ ഉത്തരവ് ഇപ്രകാരം നടപ്പിലാക്കിയിരിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ ബി**

**ഡെപ്യൂട്ടിസെക്രട്ടറി**

1. ശ്രീമതി ഹസീന എൻ., ജൂനിയർ സൂപ്രണ്ട്, വാഴപ്പള്ളി ഗ്രാമ പഞ്ചായത്ത്, കോട്ടയം (പഞ്ചായത്ത് ഡയറക്ടർ മുഖേന)
2. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, **കോട്ടയം**
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by SUDHEER S S
Date: 2020.09.23 16:08:37 IST
Reason: Approved

സെക്ഷൻ ഓഫീസർ